ADHS (PH) 19/10/13 21/10/13 PH

# കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഹെൽത്ത് സർവ്വീസസിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും നിയമിതരായ താൽക്കാലിക ജീവനക്കാരുടെ സേവനം 3 മാസത്തേയ്ക്ക് കൂടി താല്ക്കാലികമായി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

======================================================================

## ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്

സ.ഉ. (കൈ) നമ്പർ 416/13/ആകുവ — തീയതി, തിരുവനന്തപുരം 18.10.2013

പരാമർശം :- 1. 20.6.2012 ലെ സ.ഉ (കൈ) നം. 187/12/ആകുവ.
2. 20.9.12 ലെ സ.ഉ (കൈ) നം. 308/12/ആകുവ.
3. 05.10.12 ലെ സ.ഉ (കൈ) നം. 332/12/ആകുവ.
4. 30.3.2013 ലെ സ.ഉ (കൈ) നം.118/13/ആകുവ.
5. 31.5.13 തീയതിയിലെ സ.ഉ (കൈ) നം.212/13/ആകുവ.
6. 6.6.2013 ലെ സ.ഉ (കൈ) നം. 220/13/ആകുവ.
7. 6.7.2013 ലെ സ.ഉ. (സാധാ) നമ്പർ 2433/13/ആകുവ

### ഉത്തരവ്

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം 1 പ്രകാരം ആരോഗ്യ വകുപ്പിൽ 14 ജില്ലകളിലായി 3 മാസത്തേയ്ക്ക് താല്ക്കാലികമായി 209 ഡോക്ടർമാർ, 375 സ്റ്റാഫ് നഴ്സുമാർ, 211 ഫാർമസിസ്റ്റുമാർ, 145 ലാബ് ടെക്നീഷ്യർ, 320 ഹെൽത്ത് ഇൻസ്പെക്ടർ, 245 സ്പ്രേമെൻ, 397 ക്ലീനിംഗ് സ്റ്റാഫുകൾ എന്നീ വിഭാഗങ്ങളിലായി 1902 പേരെ നിയമിക്കുകയും തുടർന്ന് പരാമർശം 2 ലെയും 3 ലെയും 4 ലെയും ഉത്തരവ് പ്രകാരം ഇവരുടെ കാലാവധി 3 മാസം വീതം ദീർഘിപ്പിച്ചു നൽകുകയും ഉണ്ടായി. പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മേൽ ജീവനക്കാരുടെ കാലാവധി പരാമർശം 6 ലെ ഉത്തരവ് പ്രകാരം ജൂൺ 17 മുതൽ 4 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിരുന്നു. പരാമർശം 7 -ലെ ഉത്തരവ് പ്രകാരം ഇവരുടെ കാലാവധി ഒക്ടോബർ മാസം 16-ാം തീയതി വരെ ദീർഘിപ്പിച്ചിരുന്നു. പരാമർശം 5-ലെ ഉത്തരവ് പ്രകാരം വിവിധ മെഡിക്കൽ കോളേജുകളിൽ താല്ക്കാലികമായി 120 നേഴ്സ്, 10 ഫാർമസിസ്റ്റുമാർ, 10 ലാബ് ടെക്നീഷ്യന്മാർ, 63 അറ്റന്റർമാർ എന്നിവരെ നിയമിക്കുകയുണ്ടായി.

2. ഇപ്രകാരം നിയമിതരായവരെ വിനിയോഗിച്ച് മെച്ചപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതുമൂലം പകർച്ചവ്യാധികളുടെ വ്യാപനം നിയന്ത്രിക്കാനായിട്ടുണ്ട്. ഇപ്രകാരം നിയമിതരായ 1902 പേരിൽ 1213 പേർ ഹെൽത്ത് സർവ്വീസസിലും 203 പേർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സേവനം അനുഷ്ഠിച്ചു വരുന്നുണ്ട്. ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങൾ ഫലവത്താകുന്നതിന് ഇവരുടെ സേവനം അത്യന്താപേക്ഷിതമാണ്.

3. ഈ സാഹചര്യത്തിൽ ഇപ്രകാരം നിയമിതരായവരുടെ സേവനം തുടർന്നു 3 മാസത്തേയ്ക്കു കൂടി താൽക്കാലികമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ഈ കാലയളവിൽ ഇവർക്ക്

ശമ്പളം നൽകുന്നതിന് ഒരു മാസത്തേയ്ക്ക് 90 ലക്ഷം രൂപ എന്ന നിരക്കിൽ 2.7 കോടി രൂപ ഹെൽത്ത് സർവ്വീസസിനും ഒരു മാസത്തേയ്ക്ക് 24,50,000/- രൂപ എന്ന നിരക്കിൽ 73,50,000/- രൂപ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. കെ. ഇളങ്കോവൻ
ഗവ. സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
അക്കൗണ്ടന്റ് (എ&ഇ/ആഡിറ്റ്) ജനറൽ, കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

മേലെഴുത്ത്. നം. പി.എച്ച്4-24400/13/ആ.വ.ഡ.തീ. 21-10-2013

പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും അറിവിലേക്കും അനന്തര നടപടികൾക്കും നൽകുന്നു.

കൂടുതൽ ഫണ്ട് ശമ്പളം നൽകുന്നതിലേക്കു വേണ്ടി ആവശ്യമെങ്കിൽ അതിന്റെ വിവരം ഈ ആഫീസിൽ അടിയന്തിരമായി അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

[signature] 21/10/13

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

[signature] 21/10/13